**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4300** **18-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2023 -2024 സാമ്പത്തിക വർഷം ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര പദ്ധതികൾ നടപ്പിലാക്കി; വിശദമാക്കാമോ; | (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് (EDE)-കളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. ജില്ലയിലെ സംരംഭകർക്ക് MSME ഇൻഷുറൻസ് പദ്ധതി വഴിയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ബോധവൽക്കരണ പരിപാടികൾ, ലോൺ/ലൈസൻസ്/സബ്സിഡി മേളകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 2023-24 സാമ്പത്തിക വർഷം 9614 പുതിയ സംരംഭങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 679.15 കോടി രൂപയുടെ നിക്ഷേപവും 20665 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | പദ്ധതി പ്രകാരം ജില്ലയിൽ എത്ര രൂപയുടെ നിക്ഷേപം നടത്താൻ കഴിഞ്ഞു; എത്ര പേർക്ക് പുതുതായി ജോലി ലഭിച്ചു എന്ന് വിശദമാക്കാമോ? | (ബി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 14, വരെയുള്ള കാലയളവിൽ 2088.56 കോടി രൂപയുടെ നിക്ഷേപവും 65761 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |

സെക്ഷൻ ഓഫീസർ